"ഭരണഭാഷ – മാതൃഭാഷ"

നമ്പർ. ജി3/ഇ-17833-16-റ്റിസി

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തൈക്കാട് പി.ഒ തിരുവനന്തപുരം - 14,
[☎0471-2333337/2333317 ഫാക്സ് 0471-2333314]
www.mvd.kerala.gov.in [ഇ-മെയിൽ - tcoffice@keralamvd.gov.in ]

തീയ്യതി, 21-12-2016

പ്രേഷകൻ,

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ് ,

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും,
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാക്കും,
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും.

സർ,

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്*** – സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ (ടാക്സേഷൻ), നെടുമങ്ങാട്, ഗുരുവായൂർ സബ് ആർ. ടി. ഓഫീസുകളിൽ നടത്തിയ പരിശോധന - നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് – സംബന്ധിച്ച്

സൂചന :- സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണറുടെ 06.12.2016 തീയതിയായ റിപ്പോർട്ട്

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ (ടാക്സേഷൻ) 01.12.2016, 03.12.2016 തീയതികളിൽ നെടുമങ്ങാട്, ഗുരുവായൂർ എന്നീ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിൽ നടത്തിയ പരിശോധനയുമായി ബന്ധപ്പെട്ട് സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ/ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളുടെ സുഗമമായ പ്രവർത്തനങ്ങൾക്ക് താഴെ പറയുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കണമെന്ന് അറിയിക്കുന്നു.

1. മോട്ടോർ വാഹന വകുപ്പിലെ എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ/ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ അവധിയിലാണെങ്കിൽ കുറഞ്ഞത് ഒരു മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ/ സീനിയർ സൂപ്രണ്ട് ഓഫീസിൽ നിർബന്ധമായും ഉണ്ടായിരിക്കണം. പൊതുജനങ്ങളിൽ നിന്നുള്ള പരാതി കേൾക്കുന്നതിന് ടി ഉദ്യോഗസ്ഥർ വിമുഖത കാട്ടരുത്.

2. എല്ലാ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറുടെ അഭാവത്തിൽ ഒരു അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ/ജൂനിയർ സൂപ്രണ്ട് അല്ലെങ്കിൽ ഹെഡ് ക്ലാർക്ക് ഉണ്ടായിരിക്കേണ്ടതാണ്.

3. പുതിയതായി രജിസ്റ്റർ ചെയ്യുന്ന വാഹനങ്ങളുടെ രജിസ്ട്രേഷൻ ഫയൽ നമ്പർ അലോട്ട് ചെയ്ത ശേഷം വാഹനം പരിശോധിക്കുന്ന ഓഫീസർ അതാത് രജിസ്ട്രേഷൻ ക്ലാർക്ക് മാർക്ക് കൈമാറ്റം ചെയ്യുന്ന രീതി പലവിധത്തിലാണ് ഇപ്പോൾ ചെയ്യുന്നത്. ആയത് ഫയലുകളുടെ എണ്ണത്തിൽ വ്യക്തതയില്ലാതാവുകയും ഫയലുകൾ നഷ്ടപ്പെടുന്നതിന് കാരണമാവുകയും ചെയ്യുന്നു. അതിനാൽ വാഹനം പരിശോധിക്കുന്ന ഉദ്യോഗസ്ഥർ (എ. എം. വി. ഐ) നമ്പർ അലോട്ട് ചെയ്ത ശേഷം, നമ്പർ അലോട്ട്മെന്റിന്റെ 3 പ്രിന്റുകൾ എടുക്കേണ്ടതും, ഒന്ന് ഓഫീസിലെ നോട്ടീസ് ബോർഡിൽ പതിക്കേണ്ടതും മറ്റൊന്ന് രജിസ്ട്രേഷൻ ക്ലാർക്കിന് കൈപ്പറ്റ് രസീതോടെ നൽകേണ്ടതും ആണ്. മൂന്നാമത്തെ കോപ്പി വാഹനം പരിശോധിക്കുന്ന ഉദ്യോഗസ്ഥൻ ആപ്ലിക്കേഷൻ രജിസ്റ്ററിൽ പതിച്ച് എല്ലാ ഫയലുകളും കൈമാറ്റം ചെയ്തതായി സാക്ഷ്യപ്പെടുത്തേണ്ടതാണ്. പ്രസ്തുത രജിസ്റ്റർ മാസത്തിലൊരിക്കൽ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ/ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതാണ്.

വിശ്വസ്തതയോടെ,
(ഒപ്പ്)
ട്രാൻസ്പോർട്ട് കമ്മീഷണർ

അംഗീകാരത്തോടെ,

21/12/16
ജൂനിയർ സൂപ്രണ്ട്.